# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം:- ഇ-ഹെൽത്തുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നത് സംബന്ധിച്ച്

സൂചന:- 1. 18/11/2017-ലെ ജി.ഒ. (എം.എസ്) 24/17/ITD എന്ന സർക്കാർ ഉത്തരവ്.
2. 1/2/2018-ലെ ജി.ഒ.(ആർ.ടി) 25/18/ ITD എന്ന സർക്കാർ ഉത്തരവ്.
3. 4/8/2018-ലെ ഇ-ഹെൽത്തിന്റെ eHK/39/18-AD എന്ന കത്ത്.

## ഉത്തരവ് നം.ഇഎം3-5236/16/ആ.വ.ഡ.തിരു തീയതി: 12/10/2018.

സൂചന (1), (2) എന്നിവ പ്രകാരം കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ മുതലായവ Keltron മുഖേന വാങ്ങുന്നതിനുള്ള അനുവാദം നൽകിയിരുന്നു. എന്നാൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഇവ വാങ്ങുന്നതിനുള്ള നടപടികൾ മരവിപ്പിച്ചതായി മനസ്സിലാക്കുന്നു. നടപടികൾ ത്വരിതഗതിയിലാക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള അനുവാദം നൽകണമെന്ന് സൂചന (3) പ്രകാരം e-health പ്രോജക്ട് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു. ഇക്കാര്യം പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ഫണ്ട് ഉപയോഗിച്ച് അവരുടെ അനുവാദത്തോടെ വാങ്ങുന്നതിന് ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ. സരിത. ആർ.എൽ.,
ആരോഗ്യ വകുപ്പ് ഡയറക്ടർ.

സ്വീകർത്താവ്:

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ..........................................................

പകർപ്പ്:-
1. e-health.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.

//ഉത്തരവിൻപ്രകാരം//

സീനിയർ സൂപ്രണ്ട്.